കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# കാളികാവ് ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എം.പി.എം4/2364/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 30-11-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന
കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യലയം,
മലപ്പുറം.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) മലപ്പുറം.

3)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(പെർഫോർമൻസ് ഓഡിറ്റ്) മലപ്പുറം.
4)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എഎം.പി.എം4/2364/2017 തിയ്യതി:30-11-2017

# മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06.02.2017 മുതൽ 04.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 00 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 00 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വി.കെ. ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-10-2017 മുതൽ 26-10-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ടി.പി അബ്ദുൽ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ.

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി ഖാലിദ് മാസ്റ്റർ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.പി.കേശവദാസ് ( ചാർജ്ജ്) | 01.04.2016 മുതൽ 13.06.2016 (AN) വരെ |
| ശ്രീ.ബൈജു.ടി.പോൾ | 13.06.2016 (AN) മുതൽ 30.07.2016 വരെ |
| ശ്രീ.പി.കേശവദാസ് ( ചാർജ്ജ്) | 31.07.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ | ശ്രീ.അഹമ്മദ്നജീബ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.സന്തോഷ്.എം.വി | 01.04.2016 മുതൽ 07.12.2016 വരെ |
| | ശ്രീ.മുരളീകൃഷ്ണൻ | 07.12.2016 മുതൽ 31.03.2017 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.റജീന.പി.സി | 01.04.2016 മുതൽ 18.01.2017 വരെ |
| | ശ്രീമതി.സലില.എം I.C.D.S സൂപ്പർവൈസർ(ചാർജ്ജ്) | 19.01.2017 മുതൽ 22.02.2017 വരെ |
| | ശ്രീമതി.യമുന.വി.കെ | 23.02.2017 മുതൽ 31.03.2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ.ജിപിൻ.ജി.പി | 19.05.2016മുതൽ 13.01.2017 വരെ |
| | ശ്രീ.മുഹ്സിൻ മൊയ്തീൻ | 13.01.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട വാടക—ആദായനികുതി കുറവു ചെയ്യാതെ തുക അനുവദിച്ചു. | 3-1 | |
| 13 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 3-2 | |
| 14 | IAY ഇനത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 3-3 | |
| 15 | PMAY-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-4 | |
| 16 | IAY—ആദ്യഗഡു മാത്രം കൈപ്പറ്റി വീട്ട നിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കിയില്ല. | 3-5 | |
| 17 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-6 | |
| 18 | ക്ഷീര സമൃദ്ധി -പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-7 | |
| 19 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല | 3-8 | |
| 20 | മരുന്ന് ലഭ്യമായിട്ടില്ല. | 3-9 | |
| 21 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്താതെ കൺവീനർക്ക് തുക നൽകി; നഷ്ടം 47036 രൂപ. | 3-10 | |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തി; പൂർത്തീകരണവിവരം ലഭ്യമല്ല | 3-11 | |
| 23 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തുകയോ സർക്കാറിലേക്കടവാക്കുകയോ ചെയ്തിട്ടില്ല. | 3-12 | |
| 24 | കൺവീനർ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. | 3-13 | |
| 25 | വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രശീതി എന്നിവ ലഭ്യമല്ല | 3-14 | |
| ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 27 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 29 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |

| | | | |
|---|---|---|---|
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

## ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 03.03.2016 ലെ 1 (1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 30.05.2017 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|
| 2016-17 | 25.10.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോട് അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്ക് പരിശോധന—അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2-ബജറ്റ് ഫംഗ്ഷൻ-ഫംഗ്ഷനറി അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടില്ല.

3-വൌച്ചറുകൾ വൌച്ചർ ലിസ്റ്റ് തയ്യാറാക്കി ഫണ്ടടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

4-സാമ്പത്തിക വർഷം പാർട്ട് ബിൽ അനുവദിച്ചിട്ടുണ്ടെങ്കിലും, വാർഷിക കണക്കിൽ Capital work in progress ആയി ഉൾപ്പെടുത്തിയിട്ടില്ല.

5-ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ട്രഷറി-പാസ് ബുക്ക് പ്രകാരം | വാർഷിക കണക്കു പ്രകാരം |
|---|---|
| 5297106 | 5173246 |

6-ബാധ്യതയായി രേഖപ്പെടുത്തിയ IAY വിഹിതങ്ങൾ (B4), B17 (അക്കൗണ്ടുകളിലെ നീക്കിയിരിപ്പ്) ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| B4-ഷെഡ്യൂൾ പ്രകാരം | | B17-പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| IAY-ജനറൽ | 2044575 | 35970781 |

| | |
|---|---|
| IAY-ഗ്രാമ പഞ്ചായത്ത് വിഹിതം | 8504042 |
| IAY-ജില്ലാ പഞ്ചായത്ത് വിഹിതം | 14932773 |
| ആകെ | 25481390 |

7-RP 31 പ്രകാരമുള്ള IAY/PMAY വരവുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള രേഖകൾ, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം (RP-31) |
|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 4824498 | 5209540 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 14369390 | 11748140 |
| സ്റ്റേറ്റ് വിഹിതം | 15700000 | 1571000 |

8)2015-16 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 60479361 |
| വരവ് | 81933033 |
| ആകെ | 142412394 |
| ചെലവ് | 100240307 |
| നീക്കിയിരുപ്പ് | 42172087 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കി ബാക്കി (lapsed) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 39717715 | 0 | 39717715 | 25363422 | 14354293 | 64 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 12765828 | 0 | 12765828 | 9142467 | 3623361 | 72 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1730145 | 0 | 1730145 | 360000 | 1370145 | 21 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 7380383 | 0 | 7380383 | 5840052 | 1540331 | 79 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 94 | 100685156 | 57 | 41369531 | 12 | 19 | 61 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.8 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | |
| നികുതിയേതര വരവുകൾ | 1230097 | 3395847 | (+)2165750 | 1.8(+) |
| മറ്റു വരവുകൾ | | | | |
| ആകെ | 1230097 | 3395847 | (+)2165750 | 1.8(+) |

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-10-2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

വൗച്ചറുകൾ ക്രമത്തിൽ, വൗച്ചർ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല. പേയ്മെന്റ് വൗച്ചർ വെച്ചിട്ടില്ല. നീക്കിയിരിപ്പുകൾ സംബന്ധിച്ച് മാസാന്ത്യ, വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.07.2017 മുതൽ 02.08.2017 വരെ | 01.04.2016മുതൽ 30.06.2017 വരെ | 10.10.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2014 മുതൽ 20.03.2014 വരെ | 2010-11 മുതൽ 2012-13വരെ | 14.11.2014 |

# ഭാഗം- 2

# നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട വാടക—ആദായനികുതി കുറവു ചെയ്യാതെ തുക അനുവദിച്ചു.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ വാടകയായി 2016-17 വർഷത്തിൽ താഴെപ്പറയും പ്രകാരം തുക (പ്രതിമാസം-@20327) കെട്ടിട ഉടമക്ക് അനുവദിച്ചിട്ടുണ്ട്.

| ചെക്ക് നം./തീയതി | തുക | കെട്ടിട ഉടമസ്ഥൻ |
|---|---|---|
| 1593603/27.06.16 | 81308 | ഹാരിസ്.പി.പി. |
| 1593635/14.10.16 | 81308 | |
| 1593679/31.01.17 | 81308 | |
| ആകെ | 243924 | |

ക്രമപ്രകാരം 10% ആദായനികുതി, 3% സെസ്സ് എന്നിവ പിടിക്കണമായിരുന്നു. (24392+732) തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി, തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ/വൗച്ചർ നം./ തീയതി | തുക | സ്ഥാപനം |
|---|---|---|
| 21600603/25.10.16 | 820000 | മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP) |
| 21600844/22.02.17 | 300000 | DPC കെട്ടിട നിർമ്മാണം-വിഹിതം |
| 21600845/22.02.17 | 773514 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം |
| 21600974/28.03.17 | 315000 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിന് നൽകിയത്. |
| ആകെ | 2208514 | |

ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 2208514 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 3-3 IAY ഇനത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം ക്രമീകരിക്കാതെ അവശേഷിക്കുന്നു.

ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പ്രകാരം മുൻ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച IAY വിഹിതം ക്രമീകരിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചു പോരുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം |
|---|---|

| | പട്ടികജാതി | പട്ടികവർഗ്ഗം | ജനറൽ |
|---|---|---|---|
| അമരമ്പലം | 177000 | 0 | 100000 |
| ചോക്കാട് | 325875 | 0 | 273500 |
| എടപ്പറ്റ | 618912 | 0 | 43060 |
| കാളികാവ് | 184937 | 95000 | 261625 |
| കരുളായി | 240250 | 0 | 26750 |
| കരുവാരക്കുണ്ട് | 349500 | 50375 | 200500 |
| തുവ്വൂർ | 130379 | 0 | 0 |
| ആകെ | 2026853 | 145375 | 905435 |

ഓഡിറ്റ് തീയതി വരെ മേൽപ്പറഞ്ഞ പ്രകാരമുള്ള തുകൾ ക്രമീകരിച്ചിട്ടില്ല. ഓരോ ഇനത്തിലും എഗ്രിമെന്റ് വച്ചവരുടെ എണ്ണത്തിനനുസൃതമായുള്ള ഗ്രാമ പഞ്ചായത്ത് വിഹിതവും കൂടുതലായി അടവാക്കിയ തുകയും സംബന്ധിച്ച് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. തുക PMAY പദ്ധതിയിലേക്ക് ക്രമീകരിക്കുകയോ ഗ്രാമ പഞ്ചായത്തുകൾക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

## 3-4 PMAY-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

2016-17 വർഷത്തിൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗങ്ങളിലായി 173 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വിഭാഗം | എഗ്രിമെന്റ് വെച്ചവരുടെ എണ്ണം | നിർമ്മാണം പൂർത്തിയാക്കിയവർ | പൂർത്തീകരിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| ജനറൽ | 129 | 60 | 69 |
| പട്ടികജാതി | 41 | 7 | 34 |
| പട്ടികവർഗ്ഗം | 3 | 0 | 3 |

ഭവന നിർമ്മാണം വളരെ മന്ദ ഗതിയിലാണ് നടക്കുന്നതെന്ന് കാണുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരിൽ 7പേർ ആദ്യ ഗഡു മാത്രം കൈപ്പറ്റിയവരാണ്. വിവിധ സ്രോതസ്സുകളിൽ നിന്നായി 35970781 രൂപ പദ്ധതിക്കായി ലഭിച്ചത് ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 IAY—ആദ്യഗഡു മാത്രം കൈപ്പറ്റി വീട്ടു നിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കിയില്ല.

2014-15, 2015-16 വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് ഒന്നോ രണ്ടോ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം ഉപേക്ഷിക്കുകയോ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യാത്ത താഴെപ്പറയുന്ന ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കിയതായി കാണുന്നില്ല. അവസാന ഗഡു കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ തുടർ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|
| ജമീല വട്ടിപ്പറമ്പത്ത് കാളികാവ് ഗ്രാമ പഞ്ചായത്ത് | 17500 | 927963/01.09.14 | സ്വീകരിച്ച നടപടികൾ വ്യക്തമല്ല. |
| രേഷ്മ നെടുങ്കയം കരുളായി ഗ്രാമ പഞ്ചായത്ത് | 17500 | 3590/14.10.15 | സ്വീകരിച്ച നടപടികൾ വ്യക്തമല്ല. |
| വൈഷ്ണവി നെടുങ്കയം കരുളായി ഗ്രാമ പഞ്ചായത്ത് | 17500 | 3590/14.10.15 | സ്വീകരിച്ച നടപടികൾ വ്യക്തമല്ല. |
| മിനി മൈലംപാറ കരുളായി ഗ്രാമ പഞ്ചായത്ത് | 69500 | 358207/06.11.15--52000 | പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും 2015-16-ൽ വീടുനിർമ്മാണത്തിന് തുക കൈപ്പറ്റിയതായി അന്വേഷണ റിപ്പോർട്ടിൽ കാണുന്നു. തുക തിരികെ ഈടാക്കിയിട്ടില്ല. |
| രാധ നെടുങ്കയം കരുളായി ഗ്രാമ പഞ്ചായത്ത് | 17500 | 5288/02.11.15 | സ്വീകരിച്ച നടപടികൾ വ്യക്തമല്ല. |
| മാധവി ഉടിവെട്ടി കരുളായി ഗ്രാമ പഞ്ചായത്ത് | 17500 | 5288/02.11.15 | സ്വീകരിച്ച നടപടികൾ വ്യക്തമല്ല. |
| ഷാഹിനമോൾ പേരാത്തൊടിക കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത് | 17500 | 2438/03.10.15 | സ്വീകരിച്ച നടപടികൾ വ്യക്തമല്ല. |
| സൗമിനി തോണിക്കര കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത് | 59500 | 18142/09.03.16--42000 | സ്വീകരിച്ച നടപടികൾ വ്യക്തമല്ല. |

2013-14 വർഷത്തിൽ കാളികാവ് MDC ബാങ്കിൽ നിന്നും 10.75% വാർഷിക പലിശ നിരക്കിൽ 11952000 രൂപ IAY പദ്ധതിക്കായി വായ്പ എടുത്തിട്ടുണ്ട്. 31.03.17-ന് 1943329 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുമുണ്ട്. ഭീമമായ പലിശ ഓരോ വർഷവും അടക്കേണ്ടി വരുന്ന സാഹചര്യത്തിൽ പദ്ധതി പൂർത്തീകരിക്കാതെ നിലനിൽക്കുന്നത് ആശാസ്യമല്ല. മുൻ വർഷങ്ങളിലും നിർമ്മാണം പൂർത്തിയാക്കാത്തവർ ഉള്ളതായി മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി നൽകൽ–വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊ. നം. 86/17: ക്ഷീര കർഷകർക്ക് പാൽ സബ്സിഡി നൽകൽ

ബിൽ നം.1/2016-17/21-03-2017 RS.9,00,000

കാളികാവ് ക്ഷീര വികസന ഓഫീസറുടെ 61/16-17/17-03-2017 നടപടി ക്രമം അനുസരിച്ച് താഴെ കൊടുത്തിട്ടുള്ള പഞ്ചായത്തുകൾക്ക് ബ്ളോക്ക് വിഹിതം നൽകിയിട്ടുണ്ട്.

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | അനുവദിച്ച തുക |
|---|---|---|
| 1 | കരുളായി | 1,50,000 |
| 2 | അമരമ്പലം | 2,00,000 |
| 3 | എടപ്പറ്റ | 1,50,000 |
| 4 | കരുവാരക്കുണ്ട് | 4,00,000 |
| ആകെ | | 9,00,000 |

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-7 ക്ഷീര സമൃദ്ധി -പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കാളികാവ്

1.പ്രൊ. നം. 87/17:ക്ഷീര സമൃദ്ധി (എസ്.സി.പി)

ചെലവ്: RS.2,00,000 (100000x2) (ട്രഷറി ബിൽ നംപർ. 3/2016-17/30/03/17)

2.പ്രൊ. നം. 85/17:ക്ഷീര സമൃദ്ധി(വനിത)

ചെലവ്: RS.23,00,000 (100000x23) (ട്രഷറി ബിൽ നം2/2016-17/30/03/17)

ഗ്രൂപ്പ് സംരംഭമായിട്ടുള്ള പശു വളർത്തലാണ് മേൽപ്പറഞ്ഞ പ്രൊജക്ടുകളിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രൊജക്ട് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1—ഗ്രൂപ്പ് സംരംഭ പ്രൊജക്ട് വ്യക്തിഗതാനുകൂല്യം നൽകുന്ന പ്രൊജക്ടായി മാറി.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 4/16 തസ്വഭവ. തിയ്യതി 11.1.2016 ഖണ്ഡിക 3.2 പ്രകാരം മൃഗ സംരക്ഷണം/ക്ഷീര വികസനം ഇനത്തിൽ ഗ്രൂപ്പ് സംരഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് ഗ്രൂപ്പ് സംരഭങ്ങൾ ഒറ്റ യൂണിറ്റായി സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തേണ്ടതും യൂണിറ്റിനു പൊതുവായ വിപണന സംവിധാനവും കണക്ക് സൂക്ഷിപ്പ് രീതിയും ഉണ്ടായിരിക്കേണ്ടതുമാണ്.

ഗ്രൂപ്പ് സംരംഭം എന്ന നിലക്കാണ് പ്രൊജക്ട് വിഭാവനം ചെയ്തതും, അംഗീകാരം നേടിയിട്ടുള്ളതും. എന്നാൽ ലോൺ, സബ്സിഡി എന്നിവ ഗ്രൂപ്പിന്റെ അക്കൌണ്ടിലേക്ക് നൽകിയതിനു ശേഷം ഒരോ അംഗങ്ങൾക്കുമായി പണം പിൻവലിച്ച് നൽകുകയും അവർ സ്വന്തം നിലക്ക് പശുവിനെ വാങ്ങി വീട്ടിൽ വളർത്തുകയുമാണ് ചെയ്തിട്ടുള്ളത്. പർച്ചേസിംഗ് കമ്മിറ്റി മുഖേനയല്ല പശുവിനെ വാങ്ങിയിട്ടുള്ളത്. തികച്ചും വ്യക്തിഗതാനുകൂല്യം നൽകുന്നതായി പ്രൊജക്ട് മാറി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/26.10.17), ഗ്രൂപ്പ് തലത്തിൽ തന്നെയാണ് പ്രവർത്തനങ്ങൾ നടത്തുന്നത് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുമാണ്.

2-പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതി വിലയിരുത്തലുകളൊന്നും നടത്തിയതായി കാണുന്നില്ല. ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ച തുകകൾ പൂർണ്ണമായും വിനിയോഗിച്ചതായി കാണുന്നില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 3-8 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എക്സിക്യൂട്ടീവ്, എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തസ്വഭവ. സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം, കാളികാവ് ബ്ളോക്ക് പഞ്ചായത്ത്, ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എത്ര രൂപയാണെന്നും അതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ2/21-10 17 നംപർ ഓഡിറ്റ് എൻക്വയറിക്ക് 2016-17 ൽ 383040 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുക ലഭ്യമാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## 3-9 മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (CHC)

പ്രൊജക്ട്: CHC ക്ക് മരുന്ന് വാങ്ങൽ 80/17

ചെലവ്: 617299 രൂപ

ട്രഷറി ബിൽ നംപർ 5/16-17/14-2-17

മേൽ പ്രകാരം 617299 രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ 59674 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 557625 രൂപയുടെ മരുന്ന് ലഭ്യമാക്കി അക്കാര്യം അറിയിക്കേണ്ടതാണ്. 59,674 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഈ റിപ്പോർട്ട് കിട്ടിയാലുടൻ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്താതെ കൺവീനർക്ക് തുക നൽകി; നഷ്ടം 47036 രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

താഴെപറയുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ്. എന്നാൽ കൺവീനർക്ക് സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്താതെ തുക നൽകിയതിനാൽ താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | കാളികാവ് CHC ഫാർമസിയും സ്റ്റോറും നവീകരിക്കൽ 36/17<br>AS/TS തുക: 495000രൂപ<br>കൺവീനർ: എൻ | മൂല്യനിർണ്ണയം:495000<br>(-) നികുതി: 37359<br>കൺവീനർക്ക്:457641<br>(ട്രഷറി ബിൽ നംപർ.37/16-17/31-3-17: 336980 രൂപ,ട്രഷറി ബിൽനംപർ.9/17-18 /30-6-17: | മൂല്യനിർണ്ണയം:447964<br>(ST ഒഴികെ)<br>(+)S.Tax10.5%:47036<br>ആകെ: 495000<br>(-)S Tax: 47036<br>(-) നികുതി: 37359 | 47036 രൂപ |

| | | | | |
|---|---|---|---|---|
| | നൗഷാദ്<br>കരാർ: 40/16-17 /17-2-17<br>സർവ്വീസ് ടാക്സ്: 46964.09 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | 158020 (രൂപ) | കൺവീനർക്ക് 410605 | |

സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്താത്തത് വഴി കൺവീനർക്ക് 47036 രൂപ അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 14/26-10 17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികത്തുക നൽകിയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-11 ഡെപ്പോസിറ്റ് പ്രവൃത്തി; പൂർത്തീകരണവിവരം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

നെല്ലിക്കുന്ന് SC കോളനി കടിവെള്ളപദ്ധതി (58/17) എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന്നായി ട്രഷറി ബിൽ നംപർ 8/16-17/24-3-17 പ്രകാരം 266000 രൂപ പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൈപ്പറ്റ് രശീതി, പൂർത്തീകരണ വിവരം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ15/26-10 17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 2,66,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ അപാകത പരിഹരിച്ച് സമർപ്പിക്കേണ്ടതാണ്.

## 3-12 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തുകയോ സർക്കാറിലേക്കടവാക്കുകയോ ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

താഴെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ്. എന്നാൽ കൺവീനർക്ക് സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തിയ തുക നൽകാത്തതിനാൽ കൺവീനർ സർവ്വീസ് ടാക്സ് അടവാക്കിയിട്ടില്ല. കൺവീനർ തുക അടവാക്കാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥൻ സർവ്വീസ് ടാക്സ് അടവാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | കൺവീനർക്ക് നൽകിയ തുക | സർവ്വീസ് ടാക്സ് (6% OR 10.5%) |
|---|---|---|---|
| 1 | കാളികാവ് CHC വനിത IP വാർഡിന് മുകളിൽ ട്രസ്സ് ഇടൽ.37/17<br>കൺവീനർ: എ കെ മുഹമ്മതാലി.<br>കരാർ: 25/16-17/30-12-16<br>സർവ്വീസ് ടാക്സ്: 28230.87 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 446612<br>(-) നികുതി: 35729<br>കൺവീനർക്ക്: 410883<br>(ട്രഷറി ബിൽ നംപർ. 14/16-17 /25-3-17: 446612 രൂപ) | 6%: 26797 രൂപ |

| | | | |
|---|---|---|---|
| 2 | കരുവാരകുണ്ട് CHC പുരോഗമനം 45/17<br>കൺവീനർ: പി മുസ്തഫ<br>കരാർ: 6/16-17/31-12-16<br>സർവ്വീസ് ടാക്സ്: 8172.53 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 124510<br>(-) നികുതി: 9961<br>കൺവീനർക്ക്: 114549<br>(ട്രഷറി ബിൽ നംപർ. 36/16-17 /31-3-17: 124510 രൂപ) | 6%: 7471 |
| | | ആകെ | 34268 രൂപ |

സർവ്വീസ് ടാക്സ് 34268 രൂപ അടവാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/26-10-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## 3-13 കൺവീനർ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

താഴെപറയുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങുകയും സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തി കൺവീനർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൺവീനർ ഈ തുക അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | നൽകിയ തുക | സർവ്വീസ് ടാക്സ് |
|---|---|---|---|
| 1 | കരുവാരകുണ്ട് അഡീഷണൽ ICDS ഓഫീസ് മുറ്റം കട്ട പതിക്കൽ 44/17<br>AS/TS തുക: 495000രൂപ<br>കൺവീനർ: NK അബ്ദുറഹിമാൻ<br>കരാർ: 1/16-17/30-12-16<br>സർവ്വീസ് ടാക്സ്: 27984.52 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 425255<br>(+) ST: 25515<br>ആകെ: 450770<br>(-) നികുതി 34020<br>കൺവീനർക്ക് 416750<br>(ട്രഷറി ബിൽ നംപർ. 4/16-17 /28-2-17: 450770 രൂപ) | 25515 രൂപ |
| | | ആകെ | 25515 രൂപ |

സർവ്വീസ് ടാക്സ് ഇനത്തിലുള്ള 25,515 രൂപ കൺവീനർ അടവാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 11/25-10-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക തുക നൽകിയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കേണ്ടതാണ്.

## 3-14 വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രശീതി എന്നിവ ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥ- CDPO

ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (72/17) എന്ന പ്രൊജക്ട് നടപ്പാക്കുന്നതിനായി 823950 രൂപ ട്രഷറി ബിൽ നംപർ 01/16-17/21-3-17 പ്രകാരം പിൻവലിച്ച് താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

| ക്ര.നം. | ഗ്രാമപഞ്ചായത്ത് | തുക (രൂപയിൽ) |
|---|---|---|
| 1 | കരുളായി | 118000 |
| 2 | എടപ്പറ്റ | 150000 |
| 3 | കരുവാരകുണ്ട് | 255950 |
| 4 | കാളികാവ് | 300000 |
| | ആകെ | 823950 |

<u>അപാകതകൾ</u>

1) നാല് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഔദ്യോഗിക രശീതി ലഭ്യമാക്കിയിട്ടില്ല.

2) ക്രമ നംപർ 3, 4 എന്നിവയുടെ വിനിയോഗസാക്ഷ്യപത്രം ഇല്ല.

ആയവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 1/19-10-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 32624365 | പി.എം.എ.വൈ വീടുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം | 21767125 | 10857240 |
| ജില്ലാ പഞ്ചായത്ത് | 29407128 | പി.എം.എ.വൈ വീടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം | 18709500 | 1069762 |

(വരവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവയുമായി പൊരുത്തപ്പെടാത്തത് വാർഷിക കണക്ക പരിശോധനാ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര് | ഉത്തരവ് നം / തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ഐ.എ.വൈ. ലോൺ | ജി.ഒ.എം.എസ്. 90/14/2010 തിയ്യതി 14.03.2013 | ലഭ്യമല്ല | 4590785 | 2647456 | 552544 | 1943329 | ലഭ്യമല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

2016-17 വർഷത്തിൽ ഓഡിറ്റ് റിക്കവറി ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 142412394 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100240307 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47036 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2534188 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | | |
|---|---|---|---|
| 3-10 | 47036 | ശ്രീ. മുരളീകൃഷ്ണൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2208514 | ശ്രീ.പി.കേശവദാസ്,സെക്രട്ടറി (ചാർജ്ജ്) |
| 3-9 | 59,674 | ശ്രീ. അഹമ്മദ് നജീബ്, മെഡിക്കൽ ഓഫീസർ (CHC) |
| 3-11 | 266000 | ശ്രീ. മുരളീകൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| ആകെ | 2534188 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | റിമാർക്സ് |
|---|---|---|
| 3-1 | 25124 | കേന്ദ്ര സർക്കാരിനുള്ള നഷ്ടം (ആദായ നികുതി) |
| 3-13 | 25515 | കേന്ദ്ര സർക്കാരിനുള്ള നഷ്ടം(സേവന നികുതി) |
| ആകെ | 50639 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ-3-7

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുരളീകൃഷ്ണൻ.സി.ആർ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി.കാളികാവ് ബ്ലോക്ക് പഞ്ചായത്ത്. | അശ്വതി, ചെറുകര പി. ഒ , മലപ്പുറം ജില്ല-679340 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2010-11 | എൽ.എഫ്.എം. 4/2487/12 തിയ്യതി 08-05-2012 | 3 | |
| 2011-12 2012-13 | എൽ.എഫ്.എം. 4/838/2014 തിയ്യതി 11-06-2014 , 05-07-2014 | 23 | |
| 2013-14 | എൽ.എഫ്.എം. 4/638/2015 തിയ്യതി 29-07-2015 | 6 | |
| 2014-15 | കെ.എസ്.എ.എം.പി.എം. 4/19/2016 | 14 | |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| | തിയ്യതി 15-01-2016 | | |
| 2015-16 | കെ.എസ്.എ.എം.പി.എം. 4/561/2017<br>തിയ്യതി 17-03-2017 | 11 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

# ANNEXURE - 1

# AUDIT CERTIFICATE

No. KSA/MPM4/2364/17

Kerala State Audit Department

District Office, Malappuram

Dated: 30-11-17

Certified that I have Audited the Annual Financial Statement of Kalikavu Block Panchayat in Malappuram District for the year 2016-17 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala panchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Kalikavu Block Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR,

DISTRICT AUDIT OFFICE,
MALAPPURAM.

## <u>അനുബന്ധം - 1</u>

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ-എം.പി.എം.4/2364/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ-676505, ഫോൺ: 04832734951
തീയതി-30-11-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാളികാവ് ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം ,
മലപ്പുറം.